**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** **03-02-2026 - ൽ മറുപടിയ്ക്ക്**

**ക്രൈസ്തവ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ക്രൈസ്തവ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ വർഷങ്ങളായി അധ്യാപക ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിലും പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ നടപ്പിലാക്കാത്തത് രക്ഷിതാക്കളേയും വിദ്യാർത്ഥികളേയും അധ്യാപക ഉദ്യോഗാർത്ഥികളേയും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി സമയബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വകരിക്കുമോ; വിശദീകരിക്കുമോ? | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും കോടതി നിർദേശങ്ങൾക്കും അനുസൃതമായി സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾ നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. വിവിധ വിദ്യാഭ്യാസ ഓഫീസുക ളിൽ തീർപ്പുകല്പിക്കുവാൻ അവശേഷിക്കുന്ന നിയമന അംഗീകാര പ്രൊപ്പോസലുകൾ തീർപ്പക ല്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ